ഉത്തരം

(എ) നേമം വികസന ബ്ലോക്കിൽ ബാലരാമപുരം പഞ്ചായത്തിലെ പാറക്കുഴി ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡിന്റെ പണിയാരംഭിക്കാൻ കരാർ 28-3-1984-ൽ ഒപ്പിട്ടതാണ്.

(ബി) കോളനിയുടെ പല ഭാഗങ്ങളിലും 8 മീറ്റർ വീതിയിൽ റോഡുപണിയാൻ സാധിക്കാത്ത സാഹചര്യത്തിലാണ് റോഡുപണി മുടങ്ങി ക്കിടക്കുന്നത്. 8 മീറ്റർ വീതി ലഭിക്കാൻ ശ്രമം നടത്തിവരുന്നു. ഇപ്രകാരം 8 മീറ്റർ വീതി ബാക്കി ഭാഗങ്ങളിലുംകൂടി ലഭിച്ചാൽ മാത്രമേ റോഡുപണി പുനരാരംഭിക്കാൻ കഴിയുകയുള്ളു.

കിളിമാനൂർ നിയോജകമണ്ഡലത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തിയ റോഡുകൾ

311 [340] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ 1984-85, 1985-86 വർഷങ്ങളിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തി തുടങ്ങിയിട്ടുള്ള റോഡുകൾക്ക് രണ്ടാമുഗതി ഉണ്ടെങ്കിലും പണി പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥൻമാർ തടസ്സം നിൽക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടങ്ങിവച്ചിട്ടുള്ളതും എന്നാൽ പണി പൂർത്തിയായിട്ടില്ലാത്തതുമായ റോഡുകളുടെ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടാമുഗതി നൽകിയിട്ടുള്ള റോഡുകൾ പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥൻമാർ തടസ്സം നിൽക്കുന്നതായി അറിവില്ല.

(ബി) സ്വീകരിക്കുന്നതാണ്.

എൻ. ആർ. ഇ. പി. സ്കീമിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ ആരംഭിച്ച റോഡുകൾ

312 [341] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലങ്ങളിൽ എൻ. ആർ. ഇ. പി. സ്കീമിൽ കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മൊത്തം എത്ര റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ മൊത്തം എത്ര കിലോമീറ്റർ ദൂരം വരുമെന്നും വ്യക്തമാക്കാമോ;

(സി) ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പണി പൂർത്തിയാക്കുവാൻ സാധിക്കാത്ത റോഡുകൾ ഏത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പണി ഇനിയും പൂർത്തിയാകാത്ത റോഡുകളുടെ എല്ലാ പണികളും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിളിമാനൂർ ബ്ലോക്കിൽ കഴിഞ്ഞ വർഷങ്ങളിൽ എൻ.ആർ. ഇ.പി. സ്കീമിൽ 20 റോഡു പണികളും ആരംഭിച്ചിട്ടുണ്ട്.

(ബി) 6 പണികളും പൂർത്തിയാക്കിയിട്ടുണ്ട്; മൊത്തം 13.10 കിലോമീറ്റർ ദൂരം.

(സി) 14.

(ഡി) സ്വീകരിക്കാം.

ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതികളും പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നിർമ്മിക്കുന്ന ഗ്രൂപ്പു ഹൗസുകളും

313 [342] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എൽ. ഇ.ജി.പി., എൻ. ആർ. ഇ.പി. പദ്ധതികളും പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് ഹൗസുകളും നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്;

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ അംഗീകരിച്ച വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെയും എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർ. എൽ. ഇ. ജി. പി. പ്രകാരം 25,150 വീടുകളും നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്;

എൻ. ആർ. ഇ. പി. പ്രകാരമുള്ള വീടുകളുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) ആർ. എൽ. ഇ. ജി. പി. യിൽ 5,620 വീടുകളും പൂർത്തിയായിട്ടുണ്ട്. എൻ. ആർ. ഇ. പി.യിൽ 3,317 വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല വീടുകളും അനുവദിച്ചിട്ടുള്ളത്. ബ്ലോക്കടിസ്ഥാനത്തിലാണ്:

വിവിധ സ്കീമുകളിൽ കിളിമാനൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളും

314 [343] ശ്രീമതി ഗൗരിക്കുട്ടി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്കീമുകളിൽകൂടി 1982-83, 1983-84, 1984-85 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മൊത്തം എത്ര വീടുകളും അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly